# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മേയ് 23, ചൊവ്വ

**നമ്പർ 76**

രാവിലെ 8.30 -ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിക്കാൻ സർക്കാർ നടപടി സ്വീകരിക്കാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീ. പി. ടി. തോമസും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും, കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ബി.ജെ.പി. ഒഴികെയുള്ള പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) സംസ്ഥാനത്തെ മത്സ്യ-അനുബന്ധ മേഖലകളും അവയിലെ തൊഴിലാളികളും നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ജോൺ ഫെർണാണ്ടസ് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) 2008 കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള ഡേറ്റാബാങ്ക് രൂപീകരിക്കേണ്ടതിന്റെയും സംസ്ഥാനത്തിന്റെ പരിസ്ഥിതികാവസ്ഥ സംബന്ധിച്ച ഒരു ധവളപത്രം പുറപ്പെടുവിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. വി. ടി. ബൽറാം മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1013/2017(i).

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ജിഷ്ണു പ്രണോയിയുടെ അമ്മയും ബന്ധുക്കളും നടത്തിയ നിരാഹാര സമരം | മുഖ്യമന്ത്രി |
| 2 | ശ്രീ. റ്റി. വി. രാജേഷ് | ഇരിണാവിലെനിർദ്ദിഷ്ട കോസ്റ്റ് ഗാർഡ് അക്കാദമി | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. ജോയി | നാവായിക്കുളം വില്ലേജിലെ നൈനാംകോണം കോളനി നിവാസികൾക്ക് പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എസ്. ശർമ്മ | ആശാ പ്രവർത്തകരുടെ വിവിധ ആവശ്യങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | 'സ്നേഹപൂർവ്വം' പദ്ധതിയുടെ 2016-17 അദ്ധ്യയന വർഷത്തെ സാമ്പത്തിക സഹായ വിതരണം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 6 | ശ്രീമതി ഇ. എസ്. ബിജിമോൾ | ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഫാം.ഡി. കോഴ്സ് ആരംഭിക്കുന്നതും ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതും | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. സി. ജോർജ് | വിധവകളെ സംരക്ഷിക്കാൻ നടപടി | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. സി.എഫ്. തോമസ് | സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകുന്നത് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ടി. തോമസ് | കേരള യോഗ അസോസിയേഷന് സാമ്പത്തിക സഹായം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | ശ്രീമതി പി. അയിഷാ പോറ്റി | ഭവനശ്രീ വായ്പ എഴുതി ത്തള്ളിയിട്ടും വായ്പ എടുത്തവരുടെ പ്രമാണങ്ങൾ തിരികെ ലഭിക്കാത്തത് | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 11 | ശ്രീ. അനിൽ അക്കര | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യോഗം | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി. |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു.

(1) *കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015-16 സാമ്പത്തിക വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ട്*

(2) *ചട്ടം 236(5) പ്രകാരം:*

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| X— വനവും പരിസ്ഥിതിയും വിനോദ സഞ്ചാരവും | 2015-16 | 5 | 16, 17, 18, 19, 20 |
| IV— വ്യവസായവും ധാതുക്കളും | 2015-16 | 5 | 23, 24 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും ഭവനനിർമ്മാണവും | 2015-16 | 5 | 22 |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2014-15 | 4 | 28 |
| VI— വിദ്യാഭ്യാസം | 2014-15 | 4 | 44 |
| | 2015-16 | 5 | 33, 34 |

(3) *ചട്ടം 236 (6) പ്രകാരം:*

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിൻെറ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II—(സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ) | 2014-15 | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് |
| XIV—(സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും) | 2016-17 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് |
| XVII—(വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം) | 2015-16 | ശാസ്ത്ര സാങ്കേതിക വകുപ്പ് |
| II—(സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ) III—(നീതിന്യായ നിർവഹണം) | 2015-16 | നിയമ വകുപ്പ് |
| XVI—( പെൻഷനും പലവകയും) | 2016-17 | ആഭ്യന്തര (എഫ്) വകുപ്പ് (കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി) |
| XXXVII—(വ്യവസായങ്ങൾ) | 2013-14 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനി |
| | | കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് കമ്പനി |
| | 2014-15 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനി |
| | 2015-16 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനി |
| | | കാഡ്കോ, എച്ച്.ഡി. സി. കെ, കെ.എസ്.ബി.സി, സുരഭി |
| | | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| XXXII—(ക്ഷീര വികസനം) | 2015-16 | ക്ഷീര വികസന വകുപ്പ് |
| XXIX— (കൃഷി) | 2013-14 | കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |

## 2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിനുള്ള തിരുത്തൽ സ്റ്റേറ്റ്മെന്റ്

2017-2018 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ 191, 209 എന്നീ ഖണ്ഡികകളിലെ അച്ചടിപ്പിശക് താഴെ പറയും പ്രകാരം തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെൻറ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു

മലയാള പ്രസംഗത്തിലെ തിരുത്ത്:

| നിലവിലുള്ളത് | മാറ്റം വരുത്തേണ്ടത് |
|---|---|
| **ഖണ്ഡിക 191- ക്രമനമ്പർ -18**<br>മൊഗ്രാൽ ഗവൺമെന്റ്<br>എച്ച്.എസ്.എസ്. | **ഖണ്ഡിക 191- ക്രമനമ്പർ -18**<br>ഗവൺമെന്റ് വൊക്കേഷണൽ<br>ഹയർ സെക്കന്ററി സ്കൂൾ, മൊഗ്രാൽ |

ഇംഗ്ലീഷ് പരിഭാഷയിലെ തിരുത്ത്:

| നിലവിലുള്ളത് | മാറ്റം വരുത്തേണ്ടത് |
|---|---|
| **Para 191 -Sl.No.18**<br>Mogral Govt.H.S.S. | **Para 191 -Sl.No.18**<br>Government Vocational Higher Secondary School, Mogral |
| **Para 209**<br>Kayyur Varshika Kalapa Museum | **Para 209**<br>Kayyur Karshika Kalapa Museum |

റിപ്പോർട്ട് സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) സബ്ജക്ട് കമ്മിറ്റി-I-ന്റെ 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി-VI-ന്റെ 2016-17 സാമ്പത്തികവർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(3) സബ്ജക്ട് കമ്മിറ്റി-VII-ന്റെ 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(4) സബ്ജക്ട് കമ്മിറ്റി-IX-ന്റെ 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(5) 2017-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.

(6) സബ്ജക്റ്റ് കമ്മിറ്റി -X-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(7) സബ്ജക്റ്റ് കമ്മിറ്റി-X-ന്റെ 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(8) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ നാൽപ്പത്തിരണ്ട് മുതൽ അൻപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ.

(9) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്.

(10) സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്.

നിയമനിർമ്മാണകാര്യം:

(1) <u>2017 -ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. കെ. മുരളീധരൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. പി. കെ. ബഷീർ

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. കെ. എം. മാണി

ശ്രീ. കെ. ദാസൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ഉമ്മൻ ചാണ്ടി.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ എന്നിവർ മറുപടി നൽകി. തുടർന്ന് 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കുകയും സഭ വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

(2) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിന്റെ പരിഗണന</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. അടൂർ പ്രകാശ്, ശ്രീ. എം. ഉമ്മർ എന്നിവർ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. ദിവാകരനും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വി. ഡി. സതീശനും അവതരിപ്പിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ~~എടുക്കുകയും~~ താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു:

<u>രണ്ടാം വകുപ്പ്</u>

In Clause 2, for "(XIX of 1951)" substitute "(Madras Act No. XIX of 1951)."

In section 13(1) proposed to be substituted in the principal Act by Clause 2, the words "of Hindu Religion" shall be inserted before the word "appointed"

2017 മേയ് 24-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.01 -ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

## FOURTEENTH KERALA LEGISLATIVE ASSEMBLY

Fifth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, May 23, 2017*

**No. 76**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Fisheries, Harbour Engineering and Cashew Industry the Speaker withheld consent to the moving of an adjournment motion given notice of by Shri P.T. Thomas and two other Members regarding the serious situation reported to have arisen due to the inertness of the Government in taking steps to re-open the locked-out private cashew factories. In protest against the attitude of the Government in this matter the Members belonging to the opposition except BJP staged a walkout.

*Calling Attention:*

(1) Shri John Fernandez called the attention of the Minister for Fisheries, Harbour Engineering and Cashew Industry to the necessity to take steps to resolve the problems reportedly being faced by the Fisheries and Allied sectors and the workers in those sectors. The Minister made a statement thereto.

(2) Shri V.T. Balram called the attention of the Chief Minister to the necessity to formulate data bank as enunciated in the Kerala Conservation of Paddy and Wet Land Act, 2008 and to publish a white paper on the ecological condition in the State. The Chief Minister made a statement thereto.

KNPP. 1013/2017(ii).

*The Matters raised by Members under Rule 304:*

The matters raised by Members in the House under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ജിഷ്ണു പ്രണോയിയുടെ അമ്മയും ബന്ധുക്കളും നടത്തിയ നിരാഹാര സമരം | മുഖ്യമന്ത്രി |
| 2 | ശ്രീ. റ്റി. വി. രാജേഷ് | ഇരിണാവിലെ നിർദ്ദിഷ്ട കോസ്റ്റ് ഗാർഡ് അക്കാദമി | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. ജോയി | നാവായിക്കുളം വില്ലേജിലെ നൈനാംകോണം കോളനി നിവാസികൾക്ക് പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എസ്. ശർമ്മ | ആശാ പ്രവർത്തകരുടെ വിവിധ ആവശ്യങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 5. | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | 'സ്നേഹപൂർവ്വം' പദ്ധതിയുടെ 2016-17 അദ്ധ്യയന വർഷത്തെ സാമ്പത്തിക സഹായ വിതരണം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 6 | ശ്രീമതി ഇ. എസ്. ബിജിമോൾ | ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഫാം. ഡി. കോഴ്സ് ആരംഭിക്കുന്നതും ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതും | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. സി. ജോർജ് | വിധവകളെ സംരക്ഷിക്കാൻ നടപടി | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. എഫ്. തോമസ് | സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകുന്നത് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ടി. തോമസ് | കേരള യോഗ അസോസിയേഷന് സാമ്പത്തിക സഹായം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | ശ്രീമതി പി. അയിഷാ പോറ്റി | ഭവനശ്രീ വായ്പ എഴുതിത്തള്ളിയിട്ടും വായ്പ എടുത്തവരുടെ പ്രമാണങ്ങൾ തിരികെ ലഭിക്കാത്തത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 11 | ശ്രീ. അനിൽ അക്കര | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യോഗം | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers Laid on the Table:*

The following papers were laid on the table:

(1) The report of the Comptroller and Auditor General of India on the Public Undertakings for the Financial Year 2015-16

(2) Under Rule 236 (5)

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| X—വനവും പരിസ്ഥിതിയും വിനോദ സഞ്ചാരവും | 2015-16 | 5 | 16, 17, 18, 19, 20 |
| IV—വ്യവസായവും ധാതുക്കളും | 2015-16 | 5 | 23,24 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2015-16 | 5 | 22 |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും | 2014-15 | 4 | 28 |
| VI—വിദ്യാഭ്യാസം | 2014-15 | 4 | 44 |
| | 2015-16 | 5 | 33, 34 |

(3) Under Rule 236(6)

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II—(സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ ) | 2014-15 | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് |
| XIV—(സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും) | 2016-17 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് |
| XVII—(വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം) | 2015-16 | ശാസ്ത്ര സാങ്കേതിക വകുപ്പ് |
| II—(സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ) | 2015-16 | നിയമ വകുപ്പ് |
| III—(നീതിന്യായ നിർവഹണം) | | |
| XVI—(പെൻഷനും പലവകയും) | 2016-17 | ആഭ്യന്തര (എഫ്) വകുപ്പ് (കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി) |
| XXXVII—(വ്യവസായങ്ങൾ) | 2013-14 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനി |
| | | കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് കമ്പനി |
| | 2014-15 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനി |
| | 2015-16 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനി |
| | | കാഡ്കോ, എച്ച് ഡി.സി.കെ., കെ.എസ്.ബി.സി., സുരഭി |
| | | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| XXXII—(ക്ഷീര വികസനം) | 2015-16 | ക്ഷീര വികസന വകുപ്പ് |
| XXIX—(കൃഷി) | 2013-14 | കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |

*Statement of correction to the Budget Speech for the year 2017-2018:*

DR. T. M. Thomas Isaac, Minister for Finance and Coir laid on the Table a statement correcting printing mistakes in paragraphs 191 and 209 of the Budget Speech for the finanial year 2017-2018 , as mentioned below:

*Correction in Malayalalm Speech:*

| നിലവിലുള്ളത് | മാറ്റം വരുത്തേണ്ടത് |
|---|---|
| **ഖണ്ഡിക 191-ക്രമനമ്പർ-18**<br>മൊഗ്രാൽ ഗവൺമെൻറ് എച്ച്.എസ്.എസ്. | **ഖണ്ഡിക 191-ക്രമനമ്പർ-18**<br>ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മൊഗ്രാൽ |

*Correction in English translation of the Speech:*

| നിലവിലുള്ളത് | മാറ്റം വരുത്തേണ്ടത് |
|---|---|
| **Para 191 - Sl. No.18**<br>Mogral Govt. H.S.S. | **Para 191 - Sl. No.18**<br>Government Vocational Higher Secondary School, Mogral |
| **Para 209**<br>Kayyur Varshika Kalapa Museum | **Para 209**<br>Kayyur Karshika Kalapa Museum |

*Presentation of Report:*

The following Reports were presented:

(1) The Report of the Subject Committee I on the action taken on the recommendations contained in the First Report on the scrutiny of demands for grants for the Financial Year 2016-17.

(2) The Report of the Subject Committee VI on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.

(3) The Report of the Subject Committee VII on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.

(4) The Report of the Subject Committee IX on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.

(5) The Report of the Subject Committee VIII on the Kerala Finance Bill, 2017.

(6) The Periodical Report of the Subject Committee X as on 31st March 2017.

(7) The Report of the Subject Committee X on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-2017.

(8) The Forty Second to Fifty Fourth Reports of the Committee on Public Undertakings.

(9) The First Report of the Committee on Petitions.

(10) The Third Report of the Committee on the Welfare of Women, Children and Physically Handicapped.

*Legislative Business:*

I. Introduction and further stages of the Kerala Appropriation (No. 2) Bill, 2017

DR. T. M. Thomas Isaac, Minister for Finance and Coir introduced the Kerala Appropriation (No. 2) Bill, 2017 and moved that the Bill be taken into consideration.

The following Members took part in the discussion:

Shri V. S. Achuthanandan

Shri K. Muraleedharan

Shri V. R. Sunil Kumar

Shri P. K. Basheer

Shri K. Kunhiraman

Shri K. M. Mani

Shri K. Dasan

Shri P. C. George

Shri A. N. Shamseer

Shri Murali Perunelly

Shri R. Ramachandran

Shri K. V. Abdul Khadar

Shri Oommen Chandy.

Dr. T. M. Thomas Isaac, Minister for Finance and Coir, Shri V. S. Sunil Kumar, Minister for Agriculture and Shri P. Thilothaman, Minister for Food and Civil Supplies replied to the points raised in the discussion. Then the Kerala Appropriation (No. 2) Bill, 2017 was taken up for consideration, put to vote and passed.

(2) Consideration and further stages of the Madras Hindu Religious and Charitable Endowments (Amendment) Bill as reported by the Subject Committee

Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms moved the motion that the Madras Hindu Religious and Charitable Endowments (Amendment) Bill, 2017 as reported by the Subject Committee be taken up for consideration. Shri Adoor Prakash and Shri M. Ummer who had recorded notes of dissent to the Subject Committee Report also spoke.

Shri C. Divakaran, moved an amendment to circulate the Bill for eliciting public opinion and Shri V. D. Satheesan, as authorised by Shri I. C. Balakrishnan, moved another amendment to recommit the Bill to the same Subject Committee. After discussion and reply by the Minister the amendments moved were withdrawn by the leave of the House. Then the Bill was considered clause by clause and passed by the House with the following amendments.

*Clause 2*

In Clause 2, for "(XIX of 1951)"substitute "(Madras Act No. XIX of 1951)".

In section 13 (1) proposed to be substituted in the Principal Act by Clause 2, the words "of Hindu Religion" shall be inserted before the word "appointed"

The House adjourned at 5.01 p.m. to meet again at 8.30 a.m. on Wednesday, May 24, 2017.

V. K. Babu Prakash,
*Secretary.*